Rs.6.50 July 2007

CHRISTIAN
MUSICOLOGICAL
SOCIETY of INDIA

# കുടുംബദീപം



കഥ

CHRISTIAN MUSICOLOGICAL SOCIETY OF INDIA

ജോർജ്ജ് പാഞ്ഞാറ

# അഭയം



വിശാലമായ മതിൽകെട്ടിനുള്ളിൽ തലയുയർത്തി നിൽക്കുന്ന മന്ദിരങ്ങൾ. അതൊരു വിദേശ മലയാളിയുടെ വസതിയൊന്നുമല്ല. 'അഭയം' എന്ന വൃദ്ധസദനമാണ്. മക്കളാൽ പരിത്യക്തരായ വൃദ്ധജനങ്ങളെ ഉൾക്കൊള്ളാൻ സന്നദ്ധമായ സ്ഥാപനം. സമൂഹത്തിൽ സ്ഥാനം നഷ്ടപ്പെടുന്നവർക്ക് മരണംവരെ ജീവിക്കാതെ പറ്റില്ലല്ലോ! അതാണീ സ്ഥാപനം പടുത്തുയർത്താൻ പ്രചോദനമായതെന്ന് മദർ മരിയ പറയുന്നു.

അന്തേവാസികളിൽ ഭൂരിപക്ഷം പേരും സാമ്പത്തികശേഷിയുള്ള മക്കളുടെ മാതാപിതാക്കൾ. ആരുംപോരുമില്ലാത്ത ഏതാനും വൃദ്ധജനങ്ങളും ഇല്ലാതില്ല. അവരും അവിടെ അല്ലലറിയാതെ ജീവിക്കുന്നു. ആശിക്കാനും മോഹിക്കാനും ഒന്നുമില്ലാത്ത അവസ്ഥയിൽ അടങ്ങിയൊതുങ്ങിയൊരു ജീവിതം.

പലരും ദമ്പതികളാണ്. വീടില്ലാഞ്ഞിട്ടല്ല. വീട്ടിൽ അവരെ അന്വേഷിക്കാനോ ശുശ്രൂഷിക്കാനോ വേണ്ടപ്പെട്ടവർ ഇല്ലാത്തതാണു പ്രശ്നം. മക്കളുണ്ടായാലും വയ്യാത്തകാലത്തു കൂടെ നിൽക്കാൻ അവർക്കാവില്ലെങ്കിൽ എന്താ ചെയ്യുക! അതിനുള്ള ഉത്തരമാണീ വൃദ്ധമന്ദിരം. ഇവിടെയാകുമ്പോൾ നോക്കാൻ ഉത്തരവാദപ്പെട്ടവരുണ്ട്. മാസാമാസം പൈസ അയച്ചുകൊടുത്താൽ മതിയല്ലോ!

അങ്ങനെയാണ് പ്രൗഢയായ ആ സ്ത്രീയും അവിടെ അന്തേവാസിയായത്. കുഞ്ഞമ്മ! മക്കൾ ഒന്നും രണ്ടുമല്ല... നാലാണും മൂന്നുപെണ്ണും! എന്നിട്ടും അവർക്കീ വൃദ്ധമന്ദിരത്തിൽ അന്തേവാസിയാവാനാണു വിധി. അവർ എല്ലാവരുടെയും മുൻപിൽ സംതൃപ്തയും സന്തോഷവതിയും ആയി അഭിനയിക്കുന്നു. മക്കളൊക്കെ നല്ല നിലയിൽ അങ്ങ് അമേരിക്കയിൽ. ആണുങ്ങളും പെണ്ണുങ്ങളും!

'അമേരിക്കക്കാർക്ക് അമ്മയെകൂടെക്കൊണ്ടുപോയാലെന്താ? അവിടെ വയസ്സായവർക്കു താമസിക്കാൻ മേലേ?'

ഒരു സമപ്രായക്കാരി ഒരു സ്വകാര്യസംഭാഷണത്തിൽ കുഞ്ഞമ്മയോടു ചോദിച്ചു. മന്ദസ്മിതത്തിൽ പൊതിഞ്ഞ ഒരു തേങ്ങലായിരുന്നു കുഞ്ഞമ്മയിൽനിന്നാദ്യം ഉയർന്നത്. പിന്നീടവർ പറഞ്ഞു.

'താമസിക്കാൻ മേലാഞ്ഞിട്ടൊന്നുമല്ല....ഞാൻ പോകാഞ്ഞിട്ടാ!'

പറഞ്ഞതങ്ങനെയായിരുന്നെങ്കിലും ഉള്ളു നീറുകയായിരുന്നു. താൻ പ്രസവിച്ചു ബദ്ധപ്പെട്ടു വളർത്തിയഏഴു മക്കൾ! അവർ എല്ലാവരും തൻകാര്യം നോക്കിപ്പറന്നുപോയി. ഒരാൾപോലും തന്നോടൊപ്പം ഈ നാട്ടിൽ താമസിക്കാൻ മനസ്സുകാണിച്ചില്ലെന്നോർത്തപ്പോൾ കുഞ്ഞമ്മയുടെ കണ്ണുകൾ നിറഞ്ഞു.

കഠിനാദ്ധ്വാനിയായ കർഷകനായിരുന്നു പാപ്പച്ചൻ എന്ന അവളുടെ ഭർത്താവ്. മക്കളെ എല്ലാവരെയും പഠിപ്പിച്ചു മിടുക്കരാക്കാൻ സ്വയംമറന്നു ജീവിച്ച മനുഷ്യൻ! ഒരിക്കൽപ്പോലും പറമ്പിലോ പാടത്തോ പണികളിൽതന്നെ സഹായിക്കാൻ മക്കളോട് ആവശ്യപ്പെടാത്ത അധീരനെ ഓർക്കുമ്പോൾ കരയാതിരിക്കാനാവില്ല.

മൂത്തമകൾ ഗ്രേസി പഠിക്കാൻ മിടുക്കിയായിരുന്നതുകൊണ്ട് സ്കൂൾഫൈനൽ കഴിഞ്ഞപ്പോഴേ നേഴ്സിംഗിനയച്ചു. അവൾക്കു താഴെയുള്ള കുട്ടികളും പഠിക്കാൻ സമർത്ഥരായിരുന്നു. മക്കൾ പഠിച്ചു ജോലിയായാൽ ആശ്വാസമായില്ലേ? അതു ശരിയാണെന്നു തെളിയിക്കുന്ന മട്ടിലായിരുന്നു കാര്യങ്ങൾ.

ഗ്രേസി ക്ലാസ്സോടെയാണ് നഴ്സിംഗ് പാസായത്. രണ്ടു വർഷത്തെ ജോലിക്കുശേഷം ആശുപത്രി അധികൃതർ തന്നെ മുൻകൈയെടുത്ത് അവളെ അമേരിക്കയ്ക്കയച്ചു. രണ്ടുവർഷം കഴിഞ്ഞ് അവൾ നാട്ടിലെത്തിയപ്പോൾ ആ കർഷക ഭവനത്തിന്റെ മുഖഭാവം മാറിയിരുന്നു. അവൾക്കു താഴെയുള്ള ആങ്ങളമാർ രണ്ടുപേർ കോളെജ് വിദ്യാഭ്യാസം തുടങ്ങിയിരുന്നു. അപ്പൻ അദ്ധ്വാനത്തിന്റെ പാതയിൽനിന്നു മാറിയിട്ടില്ലെങ്കിലും അയാൾ ഒരു സമ്പന്നന്റെ ഭാവമണിഞ്ഞിരുന്നു.

'ഡിഗ്രിക്ക് ജോസിന്റെ ഗ്രൂപ്പേതാ-സയൻസോ മാത്സോ?

തനിക്കു നേരെ താഴെയുള്ള ആങ്ങളയോടായിരുന്നു ഗ്രേസിയുടെ ചോദ്യം.

ഉത്തരം പറഞ്ഞത് അപ്പനായിരുന്നു:

'അവൻ കണക്കുകാരനല്ലേ-അപ്പോ പിന്നെ ചോദിക്കാനെന്തിരിക്കുന്നു?'

'അപ്പോൾ എൻജിനീയറിംഗിന് പോകാം-അല്ലേ? നന്നായി പഠിച്ചു ജയിച്ചു വാ.'

ഗ്രേസിയുടെ ഉദ്ബോധനം.

'അതിനൊക്കെ ഒത്തിരി കാശു വേണ്ടേ മോളേ.... ആകാവുന്നതു കൊത്തിയാൽ പോരേ!'

നിഷ്കളങ്കനായ പാപ്പച്ചന്റെ സംശയം.

'സാരമില്ലപ്പച്ചാ....പിള്ളേരു പഠിക്കട്ടെ. പണമെത്ര വേണമെങ്കിലും ഞാൻ തന്നോളാം...!'

മകളിൽനിന്ന് പ്രതീക്ഷിച്ച ഉത്തരമായിരുന്നു അത്.

ചേച്ചിയുടെ വാക്കുകൾ കേട്ട് ആനന്ദിക്കുകയായിരുന്നു ജോസും ജോർജ്ജും സെബാസ്റ്റ്യനും ബേബിയും സൂസനും ആൻസിയും. ആരും കേൾക്കാതെ അവർ ഉള്ളിൽ പറഞ്ഞു.

'നമുക്കും നല്ലകാലം വന്നിരിക്കുന്നു!'

'നീയിങ്ങനെ വീടും നോക്കിനിന്നാൽ...... നിനക്കൊരു ജീവിതം വേണ്ടേ?'



കുഞ്ഞമ്മയെന്ന അമ്മയുടേതായിരുന്നു ആകുലതയുടെ നനവുള്ള ആ ചോദ്യം.

'അതിനൊക്കെ സമാധാനമുണ്ടമ്മേ!....നമ്മുടെ വീടൊന്നു പച്ചപിടിക്കട്ടെ. എല്ലാവരും പഠിച്ച് മിടുക്കരാവട്ടെ. ഞാനൊരാളെക്കണ്ടെത്തിക്കോളാം. ആ കാര്യം ഓർത്ത് ആരും ആധി കയറണ്ട.'

മകളുടെ ഉത്തരം അമ്മയെയും അപ്പനെയും സഹോദരങ്ങളെയും വിസ്മയിപ്പിച്ചു കളഞ്ഞു.

പിന്നെ ഒരു വളർച്ചയായിരുന്നു. ആൺകുട്ടികൾ രണ്ടുപേർ ഡോക്ടർമാരായി. പെൺകുട്ടികൾ രണ്ടുപേരും മെഡിസിനു തന്നെ ചേർന്നു. അതിനിടയിൽ മൂത്ത മകൾ ഗ്രേസി അമേരിക്കയിൽ ജോലി നോക്കിയിരുന്ന ഒരു തമിഴൻ ഡോക്ടറെ വിവാഹം ചെയ്തു. അയാൾ അല്പം പ്രായക്കൂടുതലുള്ള ആളായിരുന്നെങ്കിലും ധനവാനായിരുന്നു. അദ്ദേഹത്തിന്റെകൂടി ഉത്സാഹത്തിൽ ഇളയസഹോദരങ്ങളെല്ലാവരും അമേരിക്കയിൽ എത്തിച്ചേർന്നുവെന്നു പറഞ്ഞാൽ മതിയല്ലോ!

കുഞ്ഞമ്മയെന്ന അമ്മച്ചിക്ക് മക്കളുടെ വളർച്ചയിൽ ആഹ്ലാദമുണ്ടായിരുന്നെങ്കിലും എല്ലാവരും നാടുവിട്ട് അമേരിക്കയിൽ കുടിയേറുന്നതിനോടു യോജിപ്പില്ലായിരുന്നു. ആരെങ്കിലും ഒരാൾ അപ്പച്ചനോടൊപ്പംനിന്ന് ഭൂമിയും കൃഷികാര്യങ്ങളും നോക്കി നടത്തണമെന്നും കുടുംബം അന്യം നിന്നു പോകാതിരിക്കണമെന്നും അഭിപ്രായമുണ്ടായിരുന്നു. വിദ്യാഭ്യാസം എന്തെന്നറിയാത്ത ആ പാവം തള്ളയുടെ വാക്കുകൾക്കെന്തു വില! അപ്പച്ചൻ മക്കളുടെ വളർച്ചയിൽ ആഹ്ലാദത്തിമിർപ്പിലായിരുന്നു.

'അവരു പോട്ടടീ....! നമുക്കോ ഒന്നാവാൻ പറ്റിയില്ല. മക്കളെല്ലാം നല്ല നിലയിലാണെന്നു പറയാൻ തന്നെ ഒരു ശേലില്ലേ?'

അയാൾ പ്രതികരിച്ചതങ്ങനെയായിരുന്നു.

ഈ നാടുവിട്ട് മക്കളോടൊപ്പം അമേരിക്കയെന്ന ഭൂലോക സ്വർഗത്തിൽ പോയൊന്നു താമസിക്കണമെന്നും അവിടത്തെ മണ്ണിൽ തന്റെ കാർഷികവൈദഗ്ദ്ധ്യം ഒന്നു പരീക്ഷിക്കണമെന്നും ഒക്കെയായിരുന്നു പാപ്പച്ചന്റെ ആഗ്രഹം. അതിനുവേണ്ട തയ്യാറെടുപ്പുകൾ നടത്തുകയും ചെയ്തിരുന്നു.

പക്ഷേ,

നിനച്ചിരിയാതെ ഒരു ര[illegible] ഉറങ്ങാൻ കിടന്ന അദ്ദേഹ[illegible] പുലരി കണ്ടില്ല. കുഞ്ഞമ്മ ചെന്നു കുലുക്കി വിളിച്ചിട്ട് അനക്കമില്ല. ആ ധന്യജീവിതം പൊലിഞ്ഞിട്ട് മണിക്കൂറുകൾ ആയിരുന്നു.

കുഞ്ഞമ്മയുടെ അലറിക്കരച്ചിൽ കേട്ട് അയൽവാസികൾ ഓടിക്കൂടി. വിവരത്തിന് അമേരിക്കയ്ക്ക് ഫാക്സ് പോയി.

'അപ്പൻ അന്തരിച്ചിരിക്കുന്നു! എന്തുവേണം?'

മൂത്ത മകളുടെ മറുപടിയെത്തി.

'ഞങ്ങൾ വന്നെത്താൻ രണ്ടുദിവസം വേണ്ടി വരും. അപ്പച്ചന്റെ ഡഡ്ബോഡി ഏതെങ്കിലും ആശുപത്രിയിൽ ഫ്രീസറിൽ വയ്ക്കുക'!

ഉറക്കത്തിൽ മരിച്ചുപോയ തന്റെ പ്രിയതമന്റെ ശരീരം ശുദ്ധീകരിച്ച് വണ്ടിയിൽ കയറ്റി അകലെയെങ്ങോ ആശുപത്രിയിലേക്ക് കൊണ്ടുപോകുന്നത് കുഞ്ഞമ്മയെന്ന ഭാര്യ നിറഞ്ഞകണ്ണുകളോടെ നോക്കിനിന്നു.

അയൽക്കാർ തമ്മിൽ പറഞ്ഞു.

'മക്കൾ വരട്ടെ....അവർ നല്ല നിലയിൽ അമേരിക്കയിലല്ലേ?'

മക്കൾ വന്നുചേർന്നു. മക്കൾ മാത്രം.

കുടുംബസമേതം വന്നുചേർന്നത് ഗ്രേസിയെന്ന മൂത്തമകൾ മാത്രം. തമിഴൻ ഭർത്താവും മകൾ ഡോളിയും മകൻ ഡോമിനിക്കും.

മറ്റുള്ളവർ വന്നതു തന്നെ നിവൃത്തിയില്ലാത്തതുകൊണ്ടുമാത്രം. അമേരിക്കയിൽ ഉന്നതമായ നിലയിൽ ജീവിക്കുന്ന അവർക്ക് അങ്ങനെയൊക്കെയേ കഴിയൂ. കുടുംബത്തിൽ ഒരു മരണം സംഭവിച്ചുന്നുവച്ച് എല്ലാം ഇട്ടെറിഞ്ഞിട്ടു പോരാൻ പറ്റുമോ? അപ്പച്ചൻ ഇത്ര പെട്ടെന്ന് യാത്രയാകുമെന്ന് ആരറിഞ്ഞു?

ആൺമക്കളുടെ ഭാര്യമാരും വന്നില്ല. അവർക്ക് പെട്ടെന്നു പോരാൻ വയ്യാത്ത വിധം ഔദ്യോഗിക ബാദ്ധ്യതകളുണ്ട്.

ശവസംസ്കാരം കെങ്കേമമായി നടന്നു. പങ്കെടുക്കാൻ കഴിയാത്ത മരുമക്കൾക്കായി മുഴുവൻ ചടങ്ങും വീഡിയോയിൽ പകർത്തി. അതു കാണുമ്പോൾ അവർക്കു വേണമെങ്കിൽ ഒരു തുള്ളിക്കണ്ണുനീർ വീഴ്ത്താം. ഇനിയുമൊരു അമ്മായിയപ്പൻ മരിക്കാനില്ലല്ലോ!

കുഞ്ഞമ്മ എന്ന കുടുംബിനി വാവിട്ടു നിലവിളിച്ചു. അതുകണ്ടുനിന്ന

CHRISTIAN MUSICOLOGICAL SOCIETY of INDIA

മക്കളും കരഞ്ഞു. കരഞ്ഞില്ലെങ്കിൽ നാട്ടുകാരെന്തു വിചാരിക്കും!

ശവസംസ്കാരം കഴിഞ്ഞ് പിറ്റേന്ന് പള്ളിപ്പരിപാടി കഴിഞ്ഞെത്തിയ മക്കൾ കൂടിയാലോചിച്ചു.

'അമ്മച്ചിയുടെ കാര്യം എങ്ങനെയാ? അമ്മച്ചി പോരുന്നോ ഞങ്ങളുടെ കൂടെ അമേരിക്കയ്ക്ക്?

ജോസിന്റെ വകയായിരുന്നു ചോദ്യം. അനുജന്മാരും സഹോദരികൾക്കും വേണ്ടിയായിരുന്നു അതെന്നു വ്യക്തം.

തന്റെ എല്ലാമെല്ലായിരുന്ന പാപ്പച്ചന്റെ ആകസ്മികമായ വേർപാടിൽ ദുഃഖിതയായിരുന്ന കുഞ്ഞമ്മ ഒന്നും മിണ്ടിയില്ല. മക്കൾക്ക് അവരുടെ കടമ തീർത്തു പോകാനുള്ള തത്രപ്പാടാണെന്നറിയാം.

'അമ്മയിപ്പോൾ പോന്നാൽ അതു ഭംഗിയാവില്ല! ഇത്തിരി കഴിയട്ടെ. അപ്പോൾ നമുക്ക് ആലോചിക്കാം.'

അമ്മയോടൊപ്പം ഒരു മാസം തങ്ങാൻ തയ്യാറായെത്തിയ ഗ്രേസിയുടേതായിരുന്നു ആ വാക്കുകൾ.

അവൾക്കത്രയെങ്കിലും ബോധമുണ്ടായല്ലോ എന്ന് കുഞ്ഞമ്മയ്ക്കു തോന്നി. തങ്ങളുടെ എല്ലാമെല്ലാമായിരുന്ന അപ്പച്ചൻ മരിച്ചിട്ട് മണിക്കൂറുകൾ കഴിഞ്ഞതേയുള്ളൂ. അപ്പോഴേക്കും തങ്ങളുടെ ലാവണങ്ങളിൽ തിരിച്ചെത്താൻ തിടുക്കം കൂട്ടുന്ന മക്കൾ! ഇവർക്കുവേണ്ടിയാണോ ആ മനുഷ്യനും താനും പെടാപ്പാടുപെട്ടത്!

'ചേച്ചി അമ്മച്ചിയുമായി ആലോചിച്ച് ഒരു തീരുമാനമറിയിച്ചാൽ മതിയാകും. ഞങ്ങൾക്കു താമസിക്കാൻ വയ്യാ. ഇടാപിടീന്നു പോന്നതല്ലേ?'

ഗ്രേസിയൊഴികെയുള്ള മക്കളെല്ലാവർക്കും വേണ്ടി ജോസാണ് സംസാരിച്ചത്.

സത്യത്തിൽ അമ്മച്ചിയുടെ പ്രശ്നം എങ്ങനെ പരിഹരിക്കണമെന്ന് ആർക്കും ഒരു രൂപവുമുണ്ടായിരുന്നില്ല. ഗ്രേസി ഒന്നും പ്രതികരിച്ചില്ല. താനും ഭർത്താവും മക്കളും ഒരു മാസം താമസിക്കാനുള്ള തയ്യാറെടുപ്പിലാണെന്നറിയാവുന്നതുകൊണ്ടാണ് ഇളയത്തുങ്ങൾ ബാദ്ധ്യതയെല്ലാം അവളിൽ ചാരിയത്.

അമ്മ അമേരിക്കയ്ക്കു വരില്ലെന്നവർക്കറിയാം. അപ്പച്ചന്റെ ഓർമ്മകളുമായി ഇവിടെത്തന്നെ തങ്ങാനായിരിക്കും അമ്മച്ചിക്കു താത്പര്യം.

ആങ്ങളമാരും അനുജത്തിമാരും പോയി. അവരുടെ ഭാര്യമാരും പെൺകുട്ടികളുടെ ഭർത്താക്കന്മാരും വരാത്തതിൽ അമർഷവും ദുഃഖവും കുഞ്ഞമ്മയ്ക്കുണ്ട് എന്ന് ഗ്രേസിക്കറിയാം. ഇതുപോലെ രംഗബോധമില്ലാതെ മരണം വന്നാൽ എന്താ ചെയ്യുക! മരിച്ചവർക്ക് മരിച്ചാൽ മതി. ജീവിക്കുന്നവർക്ക് അവരുടേതായ ബദ്ധപ്പാടുകളുണ്ട്.

സ്നേഹപൂർണനായ തമിഴൻ ഡോക്ടറും മക്കളും കുഞ്ഞമ്മയെ സ്നേഹപൂർവം പരിചരിക്കുകയും അപ്പച്ചന്റെ ആകസ്മികമായ തിരോധാനത്തെക്കുറിച്ച് വാചാലനായി സംസാരിക്കുകയും ചെയ്തു. താൻ പെറ്റു വളർത്തിയ മക്കളെക്കാൾ ഈ മനുഷ്യൻ എത്ര ഭേദമാണെന്ന് കുഞ്ഞമ്മയ്ക്കു തോന്നി.

ലീവു തീരാറായപ്പോൾ ഗ്രേസി പറഞ്ഞു.

'അമ്മച്ചി! നമുക്കൊരു കാര്യം ചെയ്യാം. ആരെയെങ്കിലും അമ്മച്ചിക്കു കൂട്ടിന് ഇവിടെ വിളിച്ചുനിർത്താം. അമ്മച്ചിയുടെ ആങ്ങളയുടെ മക്കളാരെയെങ്കിലും! അല്ലാതെന്താ ചെയ്യുക!'

കുഞ്ഞമ്മ കുറെനേരം നിശ്ശബ്ദയായിരുന്നു. എന്നിട്ടു പറഞ്ഞു.

'നിങ്ങളുടെ അപ്പച്ചൻ കുറെ ദണ്ഡിച്ചുണ്ടാക്കിയതാ ഈ വീടും പറമ്പും പാടോം. അത് അന്യാധീനപ്പെടുത്തിക്കളയാൻ എളുപ്പമാ. എന്റെ ആങ്ങളയുടെ സ്വഭാവം നിനക്കും കുറച്ചൊക്കെ അറിയാല്ലോ! എന്നെ കെട്ടിച്ച് അപ്പച്ചന്റെ കൈയിലേല്പിച്ചിട്ട് തിരിഞ്ഞുനോക്കാത്തവനാ...പിന്നെയാ അതിയാന്റെ മക്കള്! നിനക്കു പോണേൽ നിന്റെ വഴിക്കുപോ? ഞാനെങ്ങനേങ്കിലും കഴിഞ്ഞോളാം. അങ്ങേതിലെ ലക്ഷ്മിയേയോ കമലാക്ഷിയേയോ അന്തിക്കൂട്ടിനു വിളിച്ചാൽ മതിയല്ലോ!'

ആ അഭിപ്രായം ഗ്രേസിക്ക് ബോധിച്ചില്ല. അവൾ പറഞ്ഞു.

'വീടെന്നും പറമ്പെന്നും പാടമെന്നും പറഞ്ഞ് അമ്മച്ചി ഇവിടെത്താമസിച്ചാൽ ഞങ്ങൾക്കെന്താ ഒരുറപ്പ്! ഞാനൊരു കാര്യം ചെയ്യാം. വീട് ആർക്കെങ്കിലും വാടകയ്ക്ക് കൊടുക്കാം. പറമ്പ് സർവീസ് സൊസൈറ്റിക്കു വിട്ടുകൊടുക്കാം. വല്ലപ്പോഴും വന്നു പൈസ വാങ്ങിച്ചാൽ മതിയല്ലോ! പിന്നെ.... പാടം അതാർക്കെങ്കിലും വിൽക്കാം. [illegible] കൃഷി ചെയ്യാൻ?'

'അപ്പോ....ഞാനെന്തു ചെയ്യ[illegible]മെന്നാ?'

'അതാണിനിപ്പറയാൻ പോണത്... ഇപ്പോൾ അമ്മച്ചിയെപ്പോലുള്ളവർക്കു താമസിക്കാൻ വൃദ്ധമന്ദിരങ്ങളുണ്ട്. നമ്മുടെ കോൺവെന്റിന്റെ മേൽനോട്ടത്തിൽ 'അഭയം' എന്നൊരു സ്ഥാപനമില്ലേ? അതിന്റെ പണിക്ക് ഞങ്ങളെല്ലാവരും പൈസകൊടുത്തതാ. അമ്മച്ചിയെ അവർ പൊന്നുപോലെ നോക്കിക്കോളും. മാസംതോറും പൈസ അയച്ചുകൊടുത്തോളാം. മുടങ്ങാതെ.'

കുഞ്ഞമ്മ മൂത്ത മകളുടെ മുഖത്തേക്ക് കുറേനേരം നോക്കിയിരുന്നു. അവർക്ക് ഈ പ്രശ്നമെങ്ങനെയങ്കിലും തീർത്തുപോകാനുള്ള തത്രപ്പാടാണെന്നു മനസ്സിലായി. പിന്നെന്തിനു കൂടുതൽ സംസാരിക്കണം. തനിക്കാണെങ്കിൽ തന്റെ എല്ലാമെല്ലായിരുന്ന പാപ്പച്ചന്റെ ഭൗതികശരീരമുറങ്ങുന്ന ഈ നാടുവിട്ടുപോകാനുമാവില്ല.

പിന്നീടൊന്നും ആലോചിച്ചില്ല. അവർ പറഞ്ഞു.

'എങ്കിൽ പിന്നെ... അങ്ങനെ തന്നെ ആട്ടെ.'

ഗ്രേസിക്കും ഭർത്താവിനും മക്കൾക്കും സന്തോഷമായി. എങ്കിലും കൊച്ചുമോൻ ഡോമിനിക് പറഞ്ഞു.

'വല്യമ്മച്ചി തനിയേ ഈ നാട്ടിൽ കഴിയണോ? ഞങ്ങളോടൊപ്പം പോരാൻ വയ്യേ? വല്യപ്പച്ചനുവേണ്ടി പ്രാർത്ഥിക്കാൻ അവിടേം പള്ളിയൊക്കെയുണ്ട്.' കുഞ്ഞമ്മ വേദനയിൽ പൊതിഞ്ഞ ഒരു പുഞ്ചിരി നൽകി. അവർ പറഞ്ഞു. 'അതു നേരാ മോനേ...! പക്ഷേ, വല്യപ്പച്ചനെ അടക്കിയിരിക്കുന്ന സിമിത്തേരി ഇവിടെയല്ലേയുള്ളൂ! ഞാനേതായാലും അപ്പച്ചന്റെയടുത്തുതന്നെ കിടന്നോളാം. മക്കളു സന്തോഷമായിട്ടുപോ!'

അങ്ങനെയാണ് കുഞ്ഞമ്മയെന്ന പ്രൗഢവനിത അഭയത്തിലെത്തിയത്. ദിവസവും പള്ളിയിൽ പോകും. സിമിത്തേരിയിൽ പാപ്പച്ചന്റെ ശവകുടീരം സന്ദർശിക്കും. മുട്ടുകുത്തി പ്രാർത്ഥിക്കും.

'കഷ്ടപ്പാടിന്റെ കാലം കഴിഞ്ഞ് കുറച്ചുനാൾ ഒന്നിച്ചു സ്നേഹിച്ചു ജീവിക്കാൻ കഴിഞ്ഞില്ലല്ലോ...എന്റെ...!'

അവർ കരച്ചിലിനിടയിൽ പറയും.

പക്ഷേ, ആ സന്ദർശനങ്ങളാണ് കുഞ്ഞമ്മയ്ക്ക് സായുജ്യം.

◆

CHRISTIAN MUSICOLOGICAL SOCIETY OF INDIA